പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2443 — 18. 07. 2011 ലെ മറുപടിക്ക്

**<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ.എ.അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത തൊഴിൽ രഹിതരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത തൊഴിൽരഹിതരുടെ എണ്ണം ജില്ല തിരിച്ച് അനുബന്ധമായി ചേർക്കുന്നു. (31/03/2011വരെ) |
| (ബി) | പ്രസ്തുത എക്സ്ചേഞ്ചുകൾ വഴി കൂടുതൽ തൊഴിലവസരങ്ങൾ കണ്ടെത്താനുള്ള എന്തൊക്കെ നടപടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി കൂടുതൽ തൊഴിലവസരങ്ങൾ കണ്ടെത്താൻ താഴെപ്പറയുന്ന നടപടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.<br><br>(i) തൊഴിൽ സാധ്യതയുള്ള കമ്പനികളുമായി ചർച്ച നടത്തി അവരുടെ സഹകരണത്തോടെ "റോസ്ഗാർ മേള"കൾ സംഘടിപ്പിക്കുന്നതാണ്.<br><br>(ii) രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് വൊക്കേഷണൽ പരിശീലനം നൽകി അവരുടെ തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതാണ്.<br><br>(iii) നിർബന്ധിത തൊഴിൽ അറിയിക്കൽ നിയമം (Compulsory Notification of Vacancies Act)ന്റെ പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളിലും പരിശോധന നടത്തി, സ്പെഷ്യൽ റൂളുകൾ ഉള്ള സ്ഥാപനങ്ങളാണെങ്കിൽ പി.എസ്.സി. ലിസ്റ്റിന്റെ |

| | | | |
|---|---|---|---|
| | | | അഭാവത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും താൽക്കാലികമായി നിയമനം നടത്താനും സ്പെഷ്യൽ റൂൾ ഇല്ലാത്ത സ്ഥാപനങ്ങളാണെങ്കിൽ മുഴുവൻ ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴി നികത്താനും നടപടി എടുക്കും. നിയമലംഘനം നടത്തുന്നവർക്കെതിരെ നടപടി കൈക്കൊള്ളും.<br><br>**(iv)** സർക്കാർ/അർദ്ധസർക്കാർ/പൊതു മേഖലാ സ്ഥാപനങ്ങളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പരിശോധന നടത്തി പാർട്ട് ടൈം കണ്ടിജന്റ് ഒഴിവുകൾ മുഴുവൻ എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തിരമാണ് നികത്തിയിട്ടുള്ളതെന്ന് ഉറപ്പുവരുത്തും.<br><br>**(v)** സ്വകാര്യമേഖലയിലെ ഉദ്യോഗദായകർ ഒഴിവറിയിച്ചാൽ ടിയാളുടെ വിശ്വാസ്യത പരിശോധിച്ച് ആവശ്യപ്പെടുന്ന യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് സമയബന്ധിതമായി നൽകുന്നതാണ്.<br><br>**(vi) " Paid Employment"** കുറഞ്ഞു വരുന്ന സാഹചര്യത്തിൽ **Self Employment** വർദ്ധിപ്പിക്കുവാൻ വേണ്ട നടപടി കൈക്കൊള്ളുന്നതാണ്. |
| (സി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഉദ്ദേശിക്കുന്ന കർമ്മ പരിപാടികൾ വിശദമാക്കുമോ? | (സി) | സംസ്ഥാനത്തെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതോടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകുന്നതാണ്. കൂടാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ സമീപിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ഏർപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ ഇപ്പോൾ പരിഗണനയിലാണ്. |

Bijumon

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | ജില്ല | തൊഴിൽരഹിതരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 6,25, 877 |
| 2 | കൊല്ലം | 4,01,177 |
| 3 | പത്തനംതിട്ട | 1,87,503 |
| 4 | ആലപ്പുഴ | 4,22,242 |
| 5 | കോട്ടയം | 2,85,826 |
| 6 | ഇടുക്കി | 1,12,482 |
| 7 | എറണാകുളം | 3,73,733 |
| 8 | തൃശ്ശൂർ | 4,10,624 |
| 9 | പാലക്കാട് | 3,37,555 |
| 10 | മലപ്പുറം | 2,98,147 |
| 11 | കോഴിക്കോട് | 3,79,221 |
| 12 | വയനാട് | 93,509 |
| 13 | കണ്ണൂർ | 2,11,068 |
| 14 | കാസറഗോഡ് | 1,05,488 |
| | **ആകെ** | **42,44,452** |